QP CODE: 20101285

20101285

Reg No : .....................

Name : .....................

# B.Sc.DEGREE (CBCS) EXAMINATION, NOVEMBER 2020

## Second Semester

## Common Course II - ML2CCT10 - മലയാളം- ഗദ്യപരിചയം

(Common for Model II B.Sc. Programmes)

2017 ADMISSION ONWARDS

B523FF2E

Time: 3 Hours | Max. Marks : 80

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും *2* മാർക്ക് വീതം.

1. കവിത എത്രമാത്രം കവിതയിലേക്കടുക്കുന്നുവോ അത്രമാത്രം അത് ജീവിതത്തിലേയ്ക്ക് കടക്കുന്നു. വ്യക്തമാക്കുക.
2. എന്താണ് അത്യാവശ്യ വിഭവദാരിദ്യം? വ്യക്തമാക്കുക.
3. ആറ്റിങ്ങൾ മൂത്ത തമ്പുരാട്ടി റീജൻറ് അല്ലെന്ന് പത്രങ്ങൾ വിധിയെഴുതിയത് ഏതു സാഹചര്യത്തിലാണ്?
4. 'ഭരണഭാഷ  മലയാളം' എന്ന ലക്ഷ്യത്തിലേയ്ക്ക് ഇ.എം.എസ്.ചെയ്ത സേവനങ്ങൾ എന്തെല്ലാം?
5. സാഹിത്യകാര പരിചയം നടത്തുക ' വി.ടി.ഭട്ടതിരിപ്പാട് '
6. സാഹിത്യകാര പരിചയം നടത്തുക ._ 'ജെ.ദേവിക'
7. സാഹിത്യകാര പരിചയം നടത്തുക.' ഡോ.മിനി പ്രസാദ് '
8. സാഹിത്യകാര പരിചയം നടത്തുക. ' ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് '
9. സി.എൻ.മുഹമ്മദ് മൗലവിയെ പൊയ്ത്തുംകടവ് പരിചയപ്പെട്ടതെങ്ങനെ?
10. നമ്മുടെ ഗ്രാമീണ വായനശാലകൾക്ക് 'ദേശീയ വായനശാലകൾ' എന്ന പേരു വന്നതെങ്ങനെ?
11. വിലാസിനിയുമായുള്ള സാഹിത്യ സൗഹൃദത്തെ ശിഹാബുദ്ദീൻ ഓർമിക്കുന്നതെങ്ങനെ?
12. ഉമ്മയെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യാൻ പണം തന്നു സഹായിച്ച സഹപാഠി അശോകനെ ' ശിഹാബുദ്ദീൻ  പരിചയപ്പെടുത്തുന്നതെങ്ങനെ?

(10×2=20)

### പാർട്ട് ബി



Turn Over

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും *5* മാർക്ക് വീതം.

13. ' അപ്പോൾ എന്നിലുള്ള ആ ശൂദ്രത്വത്തെ ഇടിച്ചുതാഴ്ത്താനും വിശിഷ്ടമായ ബ്രാഹ്മണ്യത്തെ ഉയർത്തിക്കാട്ടാനുമായി എന്റെ മാനസിക സംരംഭം '. ഈ മാനസിക സംരംഭങ്ങളെപ്പറ്റി വി.ടി. നൽകുന്ന വിശദീകരണങ്ങൾ എഴുതുക.

14. 'കല്ലയും മാലയും 'പ്രക്ഷോഭത്തിന് ഗോപാലദാസ് നൽകിയ സംഭാവനകൾ ഏവ?

15. ഇന്ത്യയിൽ കാർഷിക രംഗത്ത് സമൃദ്ധികൾ സാധ്യമാക്കിയ പ്രധാന ഘടകങ്ങളെക്കുറിച്ച് യൂറോപ്യൻ സഞ്ചാരികൾ നൽകിയ സൂചനകൾ ഏവ?

16. ഇങ്ങനെ പരിണമിക്കുന്ന കാണികളെയാണ് പുരോഗമന നാടകവേദി 'പാട്ടബാക്കി 'ക്കു തൊട്ടു മുൻപിൽ കാണുന്നത് .വിശദമാക്കുക.

17. ഈ രീതി കണ്ടെത്തിയില്ലായിരുന്നുവെങ്കിൽ ഇവിടെ തായമ്പക ഉരുവം കൊള്ളുമായിരുന്നില്ല. മേളം ഉണ്ടാകുമായിരുന്നില്ല. ഏതു രീതി? വിശദീകരിക്കുക.

18. പഞ്ചാരിമേളത്തിലെ അക്ഷര കാലങ്ങൾ സൂചിപ്പിച്ച് വിശദമാക്കുക.

19. 'ഉപ്പയ്ക്ക് വക്കീലാക്കാനുള്ള ഉരുപ്പടിക്ക് സ്കൂളിലേയ്ക്ക് പോകാതിരിക്കാനും വയ്യല്ലോ 'ആരുടേതാണ് ഈ വിലാപം? സന്ദർഭമേത് ?

20. വളപട്ടണത്തെ തടിമില്ലുകളിൽ ശിഹാബുദ്ദീന്റെ ബാല്യകാല തൊഴിലനുഭവങ്ങൾ 'ജീവപര്യന്ത'ത്തിൽ നിന്ന് എടുത്തെഴുതുക.

21. മലയാള മനോരമയുടെ 'വർഷാന്ത്യ ത്രിദിന ചെറുകഥാ ക്യാമ്പു'കളെപ്പറ്റി ശിഹാബുദ്ദീന് ഓർമ്മക്കുറിപ്പുകൾ എന്തെല്ലാം?

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും *15* മാർക്ക് വീതം.

22. കേരളത്തിലെ സ്ത്രൈണാവസ്ഥയുടെ സാമൂഹിക ചരിത്രം പരിശോധിക്കുന്ന ലേഖനമാണ് ' കേരളത്തിൽ റാണിമാർ ഉണ്ടായിരുന്നോ'. വിലയിരുത്തുക.

23. 'ഉൽപാദനപരമായ വായന' സ്വയമൊരു വാഴത്തോപ്പാണ്.അത് സാംസ്കാരിക രംഗത്തെ കൃഷിയും വ്യവസായവുമാണ്' വിശദമാക്കുക.

24. സ്ത്രീയെയും പ്രകൃതിയെയും ഒരു പോലെ ചൂഷണവിധേയമാക്കുന്ന ഉപഭോഗ സംസ്കൃതിക്കെതിരെയുള്ള പ്രതിരോധമാണ് 'ഇക്കോ ഫെമിനിസം' വിലയിരുത്തുക.

25. 'പണം മാത്രം സംസാരഭാഷയായിത്തീരുന്നതോടെ അറവുശാലയിൽ

എഴുത്തുകാരന്റെ മാംസം വിൽപനയ്ക്ക് വയ്ക്കും.'ശിഹാബുദ്ദീന്റെ ഈ നിരീക്ഷണത്തെ ജീവപര്യന്ത'ത്തെ ആസ്പദമാക്കി വിലയിരുത്തുക.

(2×15=30)